8

# നമ്മുടെ ദൈവം ശ്വാസിയനാണ്

ദൈവം തന്നെ എങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു എന്നുള്ള പാഠശേഷം തന്റെ സന്ദേശവാഹകരെ ദൈവം എങ്ങനെ ശ്വാസിയരാക്കി തീർത്തു എന്നതു പരിഗണിക്കുമ്പോൾ അതിശയിക്കുവാനില്ല. ശ്വാസിയത എന്നതു പ്രത്യേക രീതിയിലുള്ള വെളിപ്പെടുത്തലാണ്. ഈ പാഠത്തിൽ നാം നമ്മുടെ ദൈവം "ശ്വാസിയനാണ്" എന്നതു പഠിക്കുമ്പോൾ, അതു രണ്ടു വ്യത്യസ്ത രീതിയിൽ അവന്നു നമ്മോടുള്ള ബന്ധത്തിൽ ആണെന്നു കാണാം.

### അവന്നു നമ്മിലുള്ള സ്വാധീനം

ഒന്നാമത്, ദൈവം ശ്വാസിയനാണെന്നതിനു കാരണം അവൻ ആരാണെന്നുള്ളതുകൊണ്ടും, അവൻ അത്യാനന്ദവും ചൈതന്യവും നല്കി ഉയർന്ന സ്വാധീനത്തോട് പറ്റിച്ചേരുന്നവരെ സ്വാധീനിക്കുന്നതുകൊണ്ട് വലിയ പ്രവൃത്തി ചെയ്തവനും തുടർച്ചയായി ചെയ്യുന്നവരുമായി ജീവിക്കുന്ന സത്യവാനാണ് അവൻ. അവന്റെ സൃഷ്ടിയിലും നമ്മെ ജീവിപ്പിക്കുന്ന ജീവിതദാനത്തിലും അവന്റെ മാഹാത്മ്യവും ശക്തിയും കാണാം. അവനെ ആരംഭകനായി നമുക്ക് അറിയാം. അവനിൽ നമുക്കു നമ്മുടെ ആരംഭം കാണാം. അവനെ നമ്മുടെ മേധാവിയായി നമുക്ക് അറിയാം. അവൻ ജീവിതത്തിനു നേതൃത്വം നല്കുകയും ചരിത്രം അർത്ഥവത്താക്കുകയും ചെയ്യുന്നു. അവനെ സൃഷ്ടിപ്പുകാരനായി നമുക്ക് അറിയാം. അവനെ സൂക്ഷിപ്പുകാരനായി നമുക്ക് അറിയാം. അവന്റെ ശക്തിയാൽ നമ്മുടെ ജീവിതത്തെ അവൻ വഹിക്കുന്നു. വർത്തമാനകാലം നമുക്കു പ്രാധാന്യമുള്ളതാണ് കാരണം നാം അവനു വേണ്ടി ജീവിക്കുന്നു. അവനിൽ നമുക്ക് അവന്റെ ഭാവിവാഗ്ദാനങ്ങളിൽ തീർച്ചയുണ്ട്; സർവ്വ ലോകവും അവൻ തന്റെ കൈകളിൽ പിടിച്ചിരിക്കുന്നു.

നമ്മുടെ യാഥാർത്ഥ്യത്തിൻ ഭാഗമാണ് ദൈവം നമ്മുടെ സൃഷ്ടികർത്താവും സഹായിയും ആണ് എന്ന ആശയം. നാം ആയിരിക്കുന്നതിന്റെ കാരണമായി അവ വലയം ചെയ്തിരിക്കയാണ്. നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ, ജീവിതം വെറും അസ്തിത്വത്തേക്കാൾ അധികം ആകുന്നു. ദിവസം തോറും – ഉള്ള ദിന

ചര്യകൾ ജീവിതത്തിന്റെ വിശാലമായ അവസ്ഥയിലുള്ളതാണ്. ഐഹിക പ്രവൃത്തികൾ വിരസതയുളവാക്കുന്നതാണ്, പക്ഷെ അസാമാന്യ വിലയും സന്തോഷവും ദൈവത്തിന്റെ ലോകത്തിൽ ദൈവജനത്തോടുകൂടെയുള്ള കൂട്ടായ്മയിൽ ആണ്. ജീവിതം സാഹസികം ആയി തീരുന്നു. ജീവിക്കുവാനുള്ള ഉത്സാഹം മാതൃകയായി തീരുന്നു.

ഇതൊരു പോളിയാന്ന – മാതൃകയിലുള്ള ചിത്രമാണ്, എന്ന് നിങ്ങൾ പറയുന്നോ? അങ്ങനെ അല്ല തനിക്കു കീഴ്പ്പെടുന്നവരുടെ മേൽ ദൈവശ്വാസിയമായി അവൻ ചെലുത്തുന്ന സ്വാധീനത്തെയാണ് നാം പറയുന്നത്. മുകളിൽ പറഞ്ഞ തരം തിരിവു വെറും ആശിക്കാവുന്ന ചിത്രമല്ല. തന്റെ ജനങ്ങളുടെ ജീവിതത്തിൽ അവന്റെ ശ്വാസിയമായ സ്വാധീനം എങ്ങനെ ആയിരിക്കുമെന്നു രേഖകൾ സഹിതം അവൻ കാണിച്ചു തന്നിട്ടുണ്ട്.

തന്റെ ഭാവിയെക്കുറിച്ചു ദൈവവുമായുള്ള ബന്ധത്തിൽ അബ്രഹാമിനു ഉൽകണ്ഠയുണ്ടായപ്പോൾ ദൈവം അവനു വലിയ ഉറപ്പു നല്കി. അവനോടു കല്പിച്ചു; "'നീ ആകാശത്തേക്കു നോക്കുക, നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക ... എന്നു കല്പിച്ചു, നിന്റെ സന്തതി ഇങ്ങനെ ആകും' എന്നു അവനോടു കല്പിച്ചു അവൻ യഹോവയിൽ വിശ്വസിച്ചു; അതു അവൻ അവന്നു നീതിയായി കണക്കിട്ടു" (ഉല്പത്തി 15:5, 6). സന്തതിപരമ്പരയെ വാഗ്ദാനം ചെയ്തതിനാലും ജ്ഞാനത്താലും ദൈവത്തിലുള്ള ആശ്രയം മറ്റൊന്നിലും ആകാതിരിക്കേണ്ടതിനു അബ്രഹാമിനെ ഉയർത്തി.

യോശുവയുടെ കാലത്തു യിസ്രായേലിന്റെ ജീവിതം എളുപ്പമായിരുന്നില്ല. അവരുടെ വലിയ നായകൻ ആയിരുന്ന മോശെ അവർക്കു നഷ്ടമായി, അനിശ്ചിതമായ സമയമായിരുന്നു. കനാൻ കൈവശമാക്കുന്നതു നീണ്ടു പോകുന്നു, മുൻപിൽ സ്ഥാനം ഉറപ്പിച്ചിരിക്കുന്ന ശക്തരായവരുടെ രക്തച്ചൊരിച്ചിലോടു കൂടിയ യുദ്ധം. അത്തരം സമ്മർദ്ദം നിലവിലുള്ളപ്പോൾ യോശുവ എങ്ങനെ ജനത്തെ നയിച്ചു കൊണ്ടു പോകും? ദൈവം യോശുവയോടു പറഞ്ഞു, "ഞാൻ മോശെയോടു കൂടെ ഇരുന്നതുപോലെ നിന്നോടു കൂടെയും ഇരിക്കും, എന്നു യിസ്രായേൽ എല്ലാം അറിയേണ്ടതിനു, 'ഞാൻ ഇന്നു അവർ കാൺകെ നിന്നെ വലിയവൻ ആകുവാൻ തുടങ്ങും'" (യോശുവ 3:7). തന്റെ ദൈവത്തിൽ നിന്നു യോശുവക്കു നല്ല പ്രോത്സാഹനം ലഭിച്ചു. ദൈവമാണ് നമ്മെ നയിക്കുന്നതെന്ന തിരിച്ചറിയൽ ബുദ്ധിമുട്ടുള്ള സമയത്തിലും തടസ്സങ്ങൾ അവസരങ്ങളായി മാറുന്നതു നമുക്കു കാണാം.

എഫ്രയിം മലമ്പ്രദേശത്തുകാരനായിരുന്ന, എല്ക്കാനയുടെ ഭാര്യയായിരുന്ന ഹന്നാ. അവർ വിവാഹിത ആയിട്ട് വർഷങ്ങൾ കടന്നു പോയിരുന്നു. അവളുടെ ഭർത്താവു അവളെ പ്രിയപ്പെട്ടവളായി സ്നേഹിച്ചിരുന്നു. എങ്ങനെയായാലും, അവൾക്കു ഒരു മകനെ ജനിപ്പിക്കുവാൻ കഴിവില്ലാതിരുന്നതുകൊണ്ട് അവൾ സംക്ഷുബ്ധയായിരുന്നു. ബി.സി രണ്ടാം പൂർവ്വദേശങ്ങളിൽ സഹസ്രാബ്ദത്തിൽ സ്ത്രീകൾക്ക് മക്കൾ ജനിക്കുകയില്ല എന്നത് തകർക്കുന്ന ഒരടിയായിരുന്നു. അതുകൊണ്ട്, ദൈവത്തിന്റെ കൂടാരത്തിൽ, ശിലോഷ്ഹാമിൽ, അവൾ നിരന്തരമായി ഒരു ശിശുവിനു വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ദൈവം അവളുടെ

പ്രാർത്ഥനക്കു വലിയ സന്തോഷം വരുത്തി. അവളുടെ ദൈവത്തിനുള്ള സ്തുതി അർപ്പിക്കുന്ന പേരായിരുന്നു അവൾ കുട്ടിക്ക് ഇടുക: അവൾ അവന്നു ശമുവേൽ എന്നു പേരിട്ടു.[1]

> അനന്തരം ഹന്നാ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ, "എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു; എന്റെ കൊമ്പു യഹോവയാൽ ഉയർന്നിരിക്കുന്നു, എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമായിരിക്കുന്നു, എന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു, യഹോവയെ പോലെ പരിശുദ്ധൻ ഇല്ല, നീ അല്ലാതെ ഒരുത്തനും ഇല്ലല്ലൊ, നമ്മുടെ ദൈവത്തെപോലെ ഒരു പാറയും ഇല്ല" (1 ശമുവേൽ 2:1, 2).

ആയിരത്തിലധികം വർഷങ്ങൾക്കു ശേഷം, നാം മറ്റൊരു സ്ത്രീയെ കുറിച്ചു വായിക്കുന്നു, അവൾ തന്റെ ഉപദ്രവത്തിൽ അവൾക്കു ദൈവത്തിൽ നിന്നു ലഭിച്ച ദൂതിനു അവൾ നന്ദി പറഞ്ഞു. പരിശുദ്ധാത്മാവിനാൽ ഒരു കുഞ്ഞിനെ പ്രസവിക്കും എന്ന അനുഗ്രഹവുമായിട്ടാണ് അവൻ ചെന്നത്. അവന്റെ പേർ യേശു എന്നു വിളിക്കപ്പെടേണം (മത്തായി 1:20, 21). അവളുടെ ജീവിതത്തിനു എന്തൊരു മാറ്റമാണ് സംഭവിച്ചത്! എന്തൊരു ലക്ഷ്യബോധം, ദൗത്യം, നേട്ടമായിരുന്നു അവൾക്കു ലഭിച്ചത്! അവളുടെ നന്ദിയും സന്തോഷവും അവൾ പാട്ടിൽ പ്രകടമാക്കി. "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു, എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു ... ശക്തനായവൻ എനിക്കു വലിയവൻ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നേ" (ലൂക്കൊസ് 1:46-49).

ദൈവസ്വാധീനത്താൽ ആത്മവിശ്വാസത്തോടെയും ക്രിയാത്മകമായും ഒരാൾക്കു എങ്ങനെ ജീവിക്കാമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പൗലൊസ്. അപ്പൊസ്തലൻ എന്ന നിലയിൽ അവന്റെ ജീവിതത്തിൽ കുഴപ്പവും സമ്മർദ്ദവും ഉണ്ടായിരുന്നു. പൗലൊസ് പലവിഷമങ്ങളും അനുഭവിക്കയും, ആയിരക്കണക്കിനു മൈലുകൾ യാത്ര ചെയ്തിട്ടുണ്ട്, ദൈവത്തോടുള്ള അവന്റെ ഭക്തി നിമിത്തം വർഷങ്ങളോളം തടവിൽ കഴിഞ്ഞിട്ടുണ്ട്. അവൻ ആത്മവിശ്വാസം ഉള്ളവൻ ആയിരുന്നോ? അവൻ പറഞ്ഞു, "എന്നെ ശക്തനാക്കുവാൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13). അവൻ ക്രിയാത്മകൻ ആയിരുന്നോ? അവൻ പറഞ്ഞു, "ഒടുവിൽ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ" (ഫിലിപ്പിയർ 3:1) അവൻ തൃപ്തനായിരുന്നോ? അവൻ പറഞ്ഞു, "ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിപ്പിച്ചിട്ടുണ്ട്" (ഫിലിപ്പിയർ 4:11). അവന്റെ ജീവിതത്തെ വിലയിരുത്തിയതോ? അവൻ പറഞ്ഞു,

> ഞാൻ നല്ലപേർ പൊരുത്, ഓട്ടം തികെച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു, ആ ദിവസത്തിൽ എനിക്കു നല്കും;

എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ (2 തിമൊഥെയൊസ് 4:7, 8).

ബൈബിളിൽ ഇത്തരം ഉദാഹരണങ്ങൾ അനവധിയുണ്ട്. ഇവയിൽ ചിത്രീകരിച്ചിരിക്കുന്ന സത്യം ഒന്നു തന്നെയായിരിക്കും. കാലങ്ങളായി, എണ്ണമറ്റ ദശലക്ഷകണക്കിനു ആളുകൾ ആദ്യ ക്രിസ്ത്യാനികൾ അനുഭവിച്ചതു കണ്ടെത്തി. തീർച്ചയായും ദൈവം വലിയ പ്രോത്സാഹകൻ തന്നെയാണ്. അവൻ നമ്മെ ഉയർത്തുന്നു. അവൻ നമ്മെ നയിക്കയും ചെയ്യുന്നു. അവൻ ജീവിതത്തിനു അർത്ഥവും പ്രാധാന്യവും നല്കുന്നു. അവൻ നമ്മെ നിത്യജീവന്നായി വിളിക്കുന്നു. നമ്മുടെ ദൈവശ്വാസിയനാണ് എന്നതിൽ ചോദ്യമേ ഇല്ല.

**ബൈബിളിലെ അവന്റെ ശ്വാസിയത**

രണ്ടാമതു ഒരു വഴിയിൽ അവന്റെ ശ്വാസിയ പ്രകൃതം പ്രകടിപ്പിച്ചിരിക്കുന്നു – തിരുവെഴുത്തിലെ ശ്വാസിയതയാണ് അവയുടെ വിശ്വാസിയതയുടെ അടിസ്ഥാനം, ദൈവത്തിലും ദൈവം ആവശ്യപ്പെടുന്നതിലും വിശ്വാസം അർപ്പിച്ചതുകൊണ്ട് അബ്രഹാമും, യോശുവ, ഏലിയാവു, മറിയ, സ്തെഫാനൊസ് തുടങ്ങി അനവധിപേർ എങ്ങനെ അവരുടെ ജീവിതം വിജയിച്ചു എന്നു ബൈബിൾ പറയുന്നു. തീർച്ചയായും, തിരുവെഴുത്തിൽ അവ സത്യമാണെന്ന് ഉറപ്പിച്ചു പറഞ്ഞില്ലായിരുന്നെങ്കിൽ അവ “സത്യമായ സംഭവങ്ങൾ” ആണെന്നു നാം അറിയുമായിരുന്നില്ല. എങ്ങനെയായാലും, നമുക്ക് ആ ഉറപ്പു ഉണ്ട്.

ക്രിസ്തീയ തെളിവുകളുടെ വിശാല ശൃംഖലകളിൽ, ബൈബിളിലെ പുരാവസ്തുക്കളും ബൈബിൾ കാലത്തിലെ പുരാതന എഴുത്തുകളും ദീർഘനാളുകളായി, ബൈബിളിൽ *ചരിത്രത്തിന്റെ* ആധികാരികതയെ സ്ഥിരീകരിച്ചുകൊണ്ടിരിക്കുകയാണ്.[2] ഈ ഉറവിടങ്ങളെ ഉപയോഗിച്ചു ബൈബിളിലെ ഉയർന്ന കാഴ്ച്ചപ്പാടുകൾ ഉപകാരപ്രദമാക്കാം. കൈവരിച്ച പുരോഗതിക്കു നമുക്കു നന്ദി ചെലുത്താം – ഈ തെളിവുകൾ നമുക്കു ബൈബിളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുമ്പോൾ, അതങ്ങനെ ചെയ്യുവാനുള്ള കാരണം അവയുടെ *ചരിത്രപരമായ* കൃത്യത നമ്മുടെ അറിവിന്റെ അവലംബമായി തീരുന്നു. അവകാശപ്പെടുന്നതുപോലെ *ആകണമെങ്കിൽ* ബൈബിൾ സത്യം ആയിരിക്കണം – ശ്വാസിയമായ ദൈവവചനം നാം വായിക്കുന്നു, “*എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ* ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അത്യാസനത്തിനും പ്രയോജനമുള്ളതു ആകുന്നു” (2 തമൊഥെയൊസ് 3:16; എംഫസിസ്മൈൻ).

“എല്ലാ തിരുവെഴുത്തും ദൈവശ്വാസിയം” എന്ന പദപ്രയോഗം നാം നോക്കുമ്പോൾ ഗ്രീക്കിൽ (*പസേ ഗ്രാഫേ തെയോപ്ന്യുസ്റ്റോസ്*), പറഞ്ഞിരിക്കുന്നത് വിവിധ തർജ്ജിമകളിൽ വ്യക്തമല്ലാതാക്കി.[3] ഇങ്ങനെ വരാൻ കാരണം ഗ്രീക്കു വാക്കായ *തെയോപ്ന്യൂസ്റ്റോസ്*, അർത്ഥം ദൈവം –

ശ്വസിച്ച എന്നതു ലാറ്റിൻ വാക്ക് *ഡിവിനിറ്റസ് ഇൻസ്പിറ്റനറ്റ* എന്നതു വഴിയാണ് തർജ്ജിമ ചെയ്തതു, അങ്ങനെ "ദൈവ - ശ്വാസിയം" എന്നർത്ഥമായി, 2 തിമൊഥെയൊസ് 3:16-ൽ പൗലൊസ് ഊന്നി പറഞ്ഞതു തിരുവെഴുത്തുകൾ ദൈവശക്തിയാൽ നമ്മുടെ പ്രയോജനത്തിനായി നല്കി എന്നു പറയുന്നു. വാസ്തവത്തിൽ, ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തി എന്ന മഹത്തായ വിഷയം അവന്റെ "ശ്വാസത്താൽ" വന്നതു ബൈബിളിൽ മറ്റൊരിടത്തും കാണാം. ദൈവം മനുഷ്യരെ സൃഷ്ടി അവസരത്തിൽ അതു പ്രദർശിപ്പിച്ചതായി നാം കണ്ടു. സങ്കീർത്തനങ്ങൾ 33:6-ൽ അത്യാനന്ദം നല്കുന്നതായ അവന്റെ സൃഷ്ടിത്വത്തെ ചിത്രീകരിച്ചു വിവരിക്കുന്നുണ്ട്: "യഹോവയുടെ വചനത്താൽ ആകാശവും, അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി." അങ്ങനെ "ശ്വസിക്കുന്ന ദൈവത്തെ" നാം കാണുന്നു. തന്റെ ഉദ്ദേശം നിറവേറ്റുന്ന അവന്റെ ശക്തിയുടെ പകരൽ വഴിയാണ് അതെന്നു വിവരിക്കുന്നു. അതു അവന്റെ ജീവൻ നല്കുന്ന ഉദ്ദേശം ആയാലും, പ്രപഞ്ചത്തിന്റെ സൃഷ്ടി ആയാലും, അല്ലെങ്കിൽ വചനം എഴുതുന്നതിലും വാസ്തവമായിരുന്നു. *"ദൈവശ്വാസത്താൽ" സൃഷ്ടി, തീർച്ചയായും ഉളവായതുപോലെ തന്നെയാണ് ബൈബിളും അവന്റെ "ശ്വാസത്താൽ" ഉണ്ടായത്. രണ്ടും അവന്റെ ശക്തിയുടേയും പ്രവൃത്തിയുടേയും ഫലം ആയിരുന്നു.*

ബൈബിളിലെ *ചരിത്രപരമായ* കൃത്യതയിലേക്കു വിരൽ ചൂണ്ടുന്ന ക്രിസ്തീയ തെളിവുകൾക്കു നാം നന്ദിയുള്ളവരായിരിക്കുമ്പോൾ, ദൈവവചനത്തോടുള്ള സ്നേഹവും അഭിനന്ദനവും വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. എഴുതപ്പെട്ട വചനത്തിലേക്കു നാം തിരിയുമ്പോഴാണ് നമ്മിൽ വിശ്വാസം ജനിക്കുന്നത്. അല്ലാതെ പുരാവസ്തുശാസ്ത്രത്തിലോ മറ്റേതെങ്കിലും ശാസ്ത്രത്തിലോ അല്ല (റോമർ 10:15-17). എഴുതപ്പെട്ട, ദൈവവചന ശക്തിയാലാണ് വിശ്വാസം അങ്കുരിക്കുന്നത്, അതായതു വിശ്വാസം - രക്ഷിക്കുന്ന ശക്തി. മറ്റേതൊരു സ്ഥലത്തിനുള്ളതിനേക്കാൾ വലിയതും വെളിപ്പെടുത്താത്തതുമായ ശക്തിയാണ് നാം ബൈബിളിൽ കാണുന്നത്! കൊടുങ്കാറ്റു അടിക്കുന്ന ശക്തി, ഭൂമികുലുക്കത്തിന്റെ, വലിയതിരയടിക്കുന്നതിന്റെ, കാട്ടുതീയുടെ മുതലായ പലതിന്റേയും ശക്തി, നമുക്ക് അറിയാം. മനുഷ്യജീവിതത്തെ മാറ്റുവാനും രക്ഷിക്കുവാനും ഉള്ള ശക്തി നാം തിരുവെഴുത്തിൽ കാണുന്നു! ഈ ശക്തി നാശകരമായ ശക്തിയേക്കാൾ വലുതാണ്, പാപത്താൽ നശിപ്പിക്കുന്ന ശക്തിയേക്കാളും, ജനനം മുതൽ നാം അഭിമുഖീകരിക്കേണ്ട മരണ ശക്തിയേക്കാളും വലുതാണ്.

ഈ ശക്തിക്കു നമ്മെ സ്വതന്ത്രമാക്കുവാൻ കഴിയും (യോഹന്നാൻ 8:32). സങ്കീർത്തനക്കാർ പറഞ്ഞു, "നിന്റെ വചനം എന്റെ കാലിന്നു ദീപവും, എന്റെ പാതെക്കു പ്രകാശവും ആകുന്നു" (സങ്കീർത്തനങ്ങൾ 119:105). അപ്പൊസ്തലനായിരുന്ന യോഹന്നാൻ യേശുവിനെക്കുറിച്ചു പറഞ്ഞു, "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സു, പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹന്നാൻ 1:14). ബൈബി

ളിൽ നാം വചനത്തിന്റെ മൂർത്തീകരിക്കലാണ് കാണുന്നത്. അവൻ മുഖാന്തരം നമുക്കു ഭവനത്തിലേക്കു തിരിച്ചു പോകുവാൻ കഴിയുന്നവനായി നാം അവനെ കാണുന്നു (യോഹന്നാൻ 14:1–6) ദൈവശ്വാസിയ മനുഷ്യരാൽ എഴുതപ്പെട്ട, ബൈബിളിൽ നമുക്ക് അറിയാവുന്നതിൽ വച്ച് ഏറ്റവും വലിയ ശ്വാസിയ വ്യക്തിയെ, നാം കണ്ടുമുട്ടുന്നു. അവൻ പറഞ്ഞു, "അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). ഒന്നിലധികം വഴികളിൽ, നമ്മുടെ ദൈവം വാസ്തവമായും ശ്വാസിയനാണ്.

---

കുറിപ്പുകൾ

[1]*ഷമുവേൽ* എന്നതിനർത്ഥം "ഏൽ [ദൈവം] നാമമാണ്" ഫ്രാൻസിസ് ബ്രൗൺ എസ്. ആർ. ഡ്രൈവർ ആന്റ് ചാൾസ് എ. ബ്രിഗ്സ്, *എ ഹീബ്രു ആണ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൽഡ് ടെസ്റ്റമെന്റ്* [ഓക്സ്ഫോർഡ്: ക്ലാരെൻഡൺ, 1958], 1028). [2]"... ബൈബിളും അതിലെ സന്ദേശവും വന്നിരിക്കുന്നത് ശൂന്യവും ഭൂതകാലവുമായിട്ടും ചുറ്റുപാടുള്ള സംസ്ക്കാരവുമായി ബന്ധപ്പെടാതെയാണെന്നത് ബൈബിൾ ചിന്തയെ അപ്രമേയ ധനത്തെ മനസിലാക്കാത്തതുകൊണ്ടാണ്. കൂടാതെ, ബൈബിൾ പറയുന്നതു അവർ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു ..." (ഹാരി തോമസ് ഫ്രാങ്ക്, *ബൈബിൾ ആർക്കിയോളജി അത് ഫെയിത്ത്* [നാഷ്വില്ലെ: അബിങ്ങ്ടൺ, 1976] 12). [3]ദ.കെജെവി, ആർ എസ് വി, എൻ ഈ ബി, എൻ ഐ വി താരതമ്യം ചെയ്യുവാൻ ഉപയോഗിക്കാം.

© 2009 Truth for Today